**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1482** **16-10-2026-ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിനുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. കുറുക്കോളി മൊയ്തീൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസ മേഖലയിൽ, വിവാഹിതരായ പെൺകുട്ടികൾ, ഗർഭിണികൾ, മാതൃത്വ ഇടവേള ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ തുടങ്ങിയവർക്ക് ഉന്നതവിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വിവാഹിതരായ പെൺകുട്ടികൾ, ഗർഭിണികൾ, മാതൃത്വ ഇടവേള ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ തുടങ്ങിയവർക്ക് ഉന്നതവിദ്യാഭ്യാസം യാതൊരുവിധ തടസ്സവുമില്ലാതെ തുടരാൻ സാധിക്കണം എന്ന് തന്നെയാണ് സർക്കാരിൻ്റെ പ്രഖ്യാപിത നയം. ഇതിനായി അർഹതയുള്ള അവധി നൽകാനുള്ള ക്രമീകരണങ്ങളടക്കം അതത് സർവകലാശാലകൾക്ക് ഉചിതമായ നടപടി സ്വീകരിക്കാനുള്ള അനുമതി നിലവിലുണ്ട്. കൂടാതെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ Ph.D. ചെയ്യുന്ന വിദ്യാർത്ഥിനികൾക്ക് Ph.D. റെഗുലേഷൻസ് പ്രകാരം 6 മാസത്തെ മറ്റേണിറ്റി ലീവ് (Maternity Leave) അനുവദിച്ച് നൽകിയിട്ടുണ്ട്.

**(ബി)** ഇവർക്ക് പ്രത്യേക ലീവ്, ഓൺലൈൻ പഠന സൗകര്യം, ക്രഷ് സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥിനികൾക്ക് പഠനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും അവധികളും അതത് സർവകലാശാലകൾക്ക് അവരുടെ അക്കാദമിക് ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഉചിതമായി നടപ്പിലാക്കാവുന്നതാണ്.

**(സി)** ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പും ഫീസിളവും നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1,000/- വീതം സ്റ്റൈപ്പൻഡ് നൽകുന്ന "ഇന്ദിരാ ഗ്യാരന്റി" (Indira Guarantee Scheme) സർക്കാർ നയത്തിൻ്റെ അടിസ്ഥാനത്തിലുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പ്ലസ്ടുവിന് CBSE പഠനം പൂർത്തിയാക്കി ബി.ടെക് പഠനം നടത്തുന്ന വിദ്യാർത്ഥിനികൾക്കായി AICTE-

യുടെ 'PRAGATHI SCHOLARSHIP'-ഉം, എം.ടെക് പഠനം നടത്തുന്ന ഒറ്റപ്പെൺകുട്ടിയായ വിദ്യാർത്ഥിനിക്ക് 'AICTE SINGLE GIRL CHILD SCHOLARSHIP'-ഉം നിലവിൽ ലഭ്യമാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**